(ബി) തൊഴിൽ നഷ്ടപ്പെട്ടവർക്ക് എന്തെങ്കിലും ആശ്വാസം നൽകിയിരുന്നോ;

(സി) എങ്കിൽ അത് എന്തായിരുന്നുവെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 20810 പേർ

(ബി) നൽകിയിരുന്നു.

(സി) ഒരു തൊഴിലാളിക്ക് 75 രൂപ ക്രമത്തിൽ 20810 തൊഴിലാളികൾക്ക് 15, 60,750 രൂപ വിതരണം ചെയ്തിരുന്നു.

"കൈത്തറി വ്യവസായത്തൊഴിലാളികൾക്ക് ലഭ്യമായ തൊഴിൽ ദിനങ്ങൾ"

588 [748] ശ്രീ. കെ. മുസ്സക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൈത്തറി വ്യവസായത്തിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് വർഷത്തിൽ ശരാശരി എത്ര ദിവസം തൊഴിൽ ലഭിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) 1980 മുതൽ 1986 വരെ ഈ രംഗത്തുണ്ടായിരുന്ന ശരാശരി തൊഴിൽ ദിനങ്ങൾ എത്രയായിരുന്നു?

ഉത്തരം

(എ) ശരാശരി 200-ൽ കുറയാത്ത ദിവസങ്ങളിൽ ജോലി ലഭിക്കുന്നതായിട്ടാണ് കണക്കാക്കിയിരിക്കുന്നത്.

(ബി) 1980 മുതൽ 1986 വരെയുള്ള വർഷങ്ങളിൽ ശരാശരി 200-ൽ കുറയാത്ത തൊഴിൽദിനങ്ങൾ ലഭിച്ചിട്ടുള്ളതായിട്ടാണ് കണക്കാക്കിയിരിക്കുന്നത്.

ചെറുകിട മേഖലയിൽ ഡിസ്റിലറി

589 [754] ശ്രീ. എം. വി. രാഘവൻ: താഴെക്കാണുന്ന ചോദ്യത്തിന് തൊഴിൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

ചെറുകിട മേഖലയിൽ ഡിസ്റിലറി ആരംഭിക്കാൻ കേന്ദ്ര ഗവൺമെൻറിൻെറ അംഗീകാരം വാങ്ങണമെന്ന നിബന്ധന നിലവിലുണ്ടോ?

ഉത്തരം

ഉണ്ട്.

കേന്ദ്രം നൽകിയ സ്പിരിറ്റും ചാരായവും

590 [755] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1982-83, 1983-84, 1984-85, 1985-86 എന്നീ വർഷങ്ങളിൽ കേന്ദ്രം സംസ്ഥാനത്തിന് സ്പിരിറ്റും ചാരായവും എത്രവീതം അനുവദിച്ചു;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിൽ എത്രവീതം ഓരോവർഷവും എടുത്തു;

(സി) അബ്കാരി കോൺട്രാക്ടർമാർക്ക് ലേല വ്യവസ്ഥ പ്രകാരം ചാരായം നൽകിയില്ലെന്നുള്ള പരാതിയിൻമേൽ കോടതിയിൽനിന്ന് ഉത്തരവുണ്ടായതിന്റെ അടിസ്ഥാനത്തിൽ മേൽപ്പറഞ്ഞ ഓരോ വർഷവും എത്ര സംഖ്യവീതം ഗവൺമെന്റ് മടക്കി കൊടുത്തു;

(ഡി) മേൽപ്പറഞ്ഞ വർഷങ്ങളിൽ കേന്ദ്രം അനുവദിച്ച ചാരായം മുഴുവൻ എടുക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ഇ) ഈ വർഷം കേന്ദ്രമനുവദിക്കുന്ന ചാരായം മുഴുവനും എടുക്കാൻ നടപടികൈം സ്വീകരിക്കുമോ?

ഉത്തരം

(എ, ബി) കേന്ദ്ര ഗവൺമെന്റ് സ്പിരിറ്റ് മാത്രമാണ് അനുവദിക്കുന്നത്. ചാരായം തരികയില്ല.

	അനുവദിച്ച സ്പിരിറ്റ്	കിട്ടിയ സ്പിരിറ്റ്
1982–83	104 ലക്ഷം ലി.	84 ലക്ഷം ലി.
1983–84	96.56 ലക്ഷം ലി.	61 ലക്ഷം ലി.
1984–85	115.13 ലക്ഷം ലി.	32.58 ലക്ഷം ലി.
1985–86	53.50 ലക്ഷം ലി.	(വിവരം ശേഖരിച്ചുവരുന്നു)

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) കേന്ദ്രം അനുവദിക്കുന്ന സ്പിരിറ്റ് മുഴുവനായി മറ്റ് സംസ്ഥാനങ്ങൾ റിലീസ് ചെയ്യാറില്ല.

(ഇ) ഈ വർഷം (1985–86) ഇതുവരെ കേന്ദ്രം അനുവദിച്ചിട്ടുള്ള സ്പിരിറ്റ് എടുക്കാൻ ലൈസൻസികൾക്ക് എൻ.ഒ.സി. കൊടുത്തിട്ടുണ്ട്.

ചാരായ ഷോപ്പുകളിലേയ്ക്ക് വിൽപ്പനയ്ക്കു നൽകിയ ചാരായം

591 [756] ശ്രീ. കെ. പി. പ്രഭാകരൻ:
,, വി. കെ. രാജൻ:
,, എം. കെ. കേശവൻ:
ഡോ. എ. സുബ്ബറാവു:
ശ്രീ. കെ. ടി. കുണാരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1985–86 മുതൽ സംസ്ഥാനത്തെ ചാരായ ഷാപ്പുകളിലേയ്ക്ക് വിൽപ്പനയ്ക്ക് നൽകിയ മൊത്തം ചാരായമെത്ര;

(ബി) 1986–87–ൽ എത്ര ചാരായം നൽകാമെന്നാണ് പ്രതീക്ഷിക്കുന്നത്;

(സി) സംസ്ഥാനത്തെ ആവശ്യമനുസരിച്ചുള്ള ചാരായം കേന്ദ്രമോളാസിസ് ബോർഡ് മുഖേന ലഭിക്കുന്നുണ്ടോ?

ഉത്തരം

(എ) 1,51,38,335.4 ലിറ്റർ.

(ബി) കഴിഞ്ഞകൊല്ലത്തെ കോട്ടാ എങ്കിലും നൽകാൻ ശ്രമം നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly